പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2042 17.03.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തന നവീകരണം

ചോദ്യം

ശ്രീ. റ്റി.യു. കുരുവിള :

ഉത്തരം

തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം നവീകരിക്കുന്നതിനും ലാഭകരമാക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റി ലാഭത്തിലേയ്ക്ക് നയിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജിന് രൂപം നൽകുകയും ആയത് നടപ്പാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പാക്കേജിൻ പ്രകാരം കോർപ്പറേഷന്റെ വരുമാനം കുറഞ്ഞ 1500 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിയിട്ടുണ്ട്. KTDFCയിൽ നിന്നുമെടുത്ത വായ്പതിരിച്ചടവിലേയ്ക്ക് കോർപ്പറേഷൻ പ്രതിമാസം 50 കോടിയോളം രൂപയാണ് വിനിയോഗിച്ച് വരുന്നത്. KTDFC യിൽ നിന്നുള്ള വായ്പയായ 1300 കോടി രൂപ മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd എന്ന സ്ഥാപനത്തെ ഉപദേശകസ്ഥാപനമായി കെ.എസ്.ആർ.ടി.സി. നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സിയെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട ബാങ്കുകൾക്ക് KTDFC വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകി കഴിഞ്ഞു. ഇത്തരത്തിൽ പൊതുമേഖലാ |

ബാങ്കുകൾ, KTDFCയിൽ നിന്നുള്ള വായ്പ ഏറ്റെടുത്താൽ പ്രതിമാസ വായ്പ തിരിച്ചടവ് 15-20 കോടി രൂപയായി കുറയുകയും, കോർപ്പറേഷന് പ്രതിമാസം 30 കോടി രൂപ ലാഭിക്കാൻ കഴിയുകയും ചെയ്യുന്നതാണ്. കെ.എസ്.ആർ.ടി.സി.യിലെ ഓൺലൈൻ റിസർവേഷൻ സമ്പ്രദായം കുറ്റമറ്റ രീതിയിൽ പരിഷ്കരിച്ചത് മുഖേന റിസർവേഷൻ ഇനത്തിലുള്ള വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചു. പുനരുദ്ധാരണ പാക്കേജിൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ പൂർണ്ണമായി നടപ്പിലാക്കുന്നതോടുകൂടി കോർപ്പറേഷന്റെ വരവ് ചെലവ് അന്തരം ഗണ്യമായി കുറയുന്നതാണ്. ഇതിനുപുറമേ ബഹു. ഹൈക്കോടതി ഉത്തരവിൻപ്രകാരം നിലവിൽ സ്വകാര്യ ബസുകൾ സർവ്വീസ് നടത്തുന്ന 241 സൂപ്പർ ക്ലാസ്സ് പെർമിറ്റുകൾ ഏറ്റെടുത്ത് പുതിയ കെ.എസ്.ആർ.ടി.സി ബസുകൾ നിരത്തിലിറക്കി സർവ്വീസ് നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനോടകം തന്നെ 164 സർവ്വീസുകൾ ഇത്തരത്തിൽ കോർപ്പറേഷൻ ഏറ്റെടുത്തു കഴിഞ്ഞു.

അന്തർ സംസ്ഥാന റൂട്ടുകളിലെ യാത്രാക്ലേശം ഒഴിവാക്കുന്നതിനായി കർണ്ണാടക സംസ്ഥാനവുമായി 12,294 കി.മീ. ദൂരം കർണ്ണാടകയിൽ സർവ്വീസ് നടത്തുന്നതിന് സർക്കാർ തലത്തിൽ ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്. ആയത് വിജ്ഞാപനം ആകുന്നതോടുകൂടി കൂടുതൽ സർവ്വീസുകൾ കർണ്ണാടകയിലേക്ക് ആരംഭിക്കുന്നതാണ്. തമിഴ്നാടുമായുള്ള പുതിയ അന്തർ സംസ്ഥാന കരാറിന്റെ ചർച്ചകൾ അവസാന ഘട്ടത്തിലാണ്. വരും ദിവസങ്ങളിൽ അത് യാഥാർത്ഥ്യമാകുന്നതോടുകൂടി തമിഴ്നാട്ടിലേക്കും കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയും. കൂടുതൽ യാത്രക്കാരെ

| | | | |
|---|---|---|---|
| | | | ആകർഷിക്കുക എന്നത് ലക്ഷ്യമിട്ട് ഓൺ ലൈൻ റിസർവേഷൻ സംവിധാനം നവീകരി ക്കുകയും കൂടുതൽ സർവ്വീസുകളിലേക്ക് വ്യാപിപ്പിക്കുകയും ഉണ്ടായിട്ടുണ്ട്. ബസ്സു കളുടെ കുറവ് മൂലം ഇടക്കാലത്ത് മുടങ്ങി കിടന്ന പുതിയ റൂട്ടുകളിലേക്കുള്ള ചെയിൻ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി കളുടെ തുടക്കമായി കൊട്ടാരക്കര-പാരിപ്പള്ളി, ചേർത്തല-കുമ്പളങ്ങി-എറണാ കുളം എന്നീ റൂട്ടികളിൽ ചെയിൻ സർവ്വീസു കൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. പുതിയ ബസ്സുകൾ നിരത്തിലിറങ്ങി തുടങ്ങുന്നതോടു കൂടി കൂടുതൽ പുതിയ റൂട്ടുകളിൽ കെ.എസ്. ആർ.ടി.സി ചെയിൻ സർവ്വീസുകൾ ആരംഭി ക്കുന്നതാണ്. വിപുലീകരണം ലക്ഷ്യമിട്ട് എറണാകുളത്ത് നിന്നും പുതുച്ചേരിയിലേ ക്കും, തിരുപ്പതിയിലേക്കും, കോഴിക്കോട് നിന്നും കാസർഗോഡ്, മംഗലാപുരം, ഉഡുപ്പി, ഗോവ കാർവാർ, പൂനെ വഴി മുബൈക്കും, പുറമേ എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നും ചെന്നൈക്കും ഓരോ മൾട്ടി ആക്സിൽ വോൾവോ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള സാദ്ധ്യതകൾ ആരാഞ്ഞിരിക്കുകയാണ്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് തീരെ വരുമാനക്കുറവുള്ള സർവ്വീസുകൾ പുനഃക്ര മീകരണം നടത്തുന്നതിനുള്ള പ്രക്രീയകൾക്ക് തുടക്കമിട്ടു കഴിഞ്ഞു. പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള ഷെഡ്യൂളുകൾ പുനഃക്ര മീകരിക്കുന്നതു വഴി പ്രതിമാസം 1.83 കോടി രൂപയുടെ അധിക വരുമാനം ലഭ്യമാകു ന്നതായി കണക്കാക്കിയിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവനക്കാരുടെ ജോലി ചെയ്യുവാനുള്ള മനോഭാവം വർദ്ധിപ്പി ക്കുന്നതിനുമായി മറ്റ് സംസ്ഥാനങ്ങൾ വിജയ കരമായി പിൻതുടരുന്ന ഇൻസന്റീവ് |

| | | | |
|---|---|---|---|
| | | | സ്കീമുകൾ പഠിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. 7000 രൂപ യിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ ഷെഡ്യൂളുകളുടെ പ്രാധാന്യം കണക്കിലെ ടുത്ത് പുനഃക്രമീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ടുള്ള കണക്ടിവിറ്റി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി കളും ആരംഭിച്ച് കഴിഞ്ഞു. കെ.എസ്.ആർ. ടി.സി.യുടെ അന്തർ സംസ്ഥാന സർവ്വീസു കൾക്കും മറ്റ് ദീർഘദൂര സർവ്വീസുകൾക്കും ഉപയോഗിച്ചിരുന്ന പഴയ ഡീലക്സ്, എക്സ് പ്രസ്സ് ബസ്സുകൾ മാറ്റി 10 വോൾവോ, 50 പുതിയ ഡീലക്സ് ബസ് എന്നിവ ഇതിനകം നിരത്തിലിറങ്ങി കഴിഞ്ഞിട്ടുണ്ട്. മേൽ സൂചി പ്പിച്ച പദ്ധതികളിലൂടെ വരും ദിവസങ്ങളിൽ കെ.എസ്.ആർ.ടി.സി.യുടെ വരുമാനം കാര്യ മായ രീതിയിൽ മെച്ചപ്പെടുമെന്ന് കരുതുന്നു. |
| (ബി) | കെ.എസ്.ആർ.ടി.സി.യിലെ ജീവന ക്കാരെയും, പൊതുജനങ്ങളെയും സഹകരിപ്പിച്ച് ജനസൗഹൃദ ഗതാഗത സൗകര്യം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; | (ബി) | യാത്രക്കാരെ കൂടുതൽ കെ.എസ്.ആർ.ടി.സി. യിലേക്ക് ആകർഷിക്കുന്നതിനും, സ്വകാര്യ വാഹനം ഉപേക്ഷിച്ച് പൊതുഗതാഗത സംവിധാനം ആശ്രയിക്കുന്നതിലേക്കായുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കെ.എസ്.ആർ.ടി.സി.യെ ലാഭകര മാക്കാനും കാര്യക്ഷമമാക്കാനും പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കു മോ? | (സി) | കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതി നും കാര്യക്ഷമമാക്കുന്നതിനും വേണ്ടി സമയ ബന്ധിതമായി പുതിയ ബസുകൾ നിരത്തി ലിറക്കി പ്രതിദിനം 50 ലക്ഷം രൂപ മുതൽ 60 ലക്ഷം രൂപ വരെ കളക്ഷൻ വർദ്ധിപ്പിക്കുവാ നും നഷ്ടത്തിലോടുന്ന 25% ഷെഡ്യൂളുകൾ നിർത്തലാക്കി ലാഭകരമായി പുനഃക്രമീകരി ക്കുവാനും ഇതിനുപറമേ മാനേജ്മെന്റ് തല ത്തിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതി നായി മിഡിൽ ലെവൽ മാനേജ്മെന്റിലേക്ക് |

| | | | |
|---|---|---|---|
| | | | 40% പേരെ നേരിട്ട് നിയമിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണുന്നത് സംബന്ധിച്ച് ആവശ്യമായ വിദഗ്ധ പഠനം നടത്താനും തീരുമാനിച്ചിട്ടുണ്ട്. നാളിതുവരെ പ്രഖ്യാപിച്ചതിനുപരിയായി ഇനിമുതൽ കൂടുതൽ കൺസഷനുകൾ അനുവദിക്കേണ്ടതില്ലെന്നും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ